"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - മണിപ്പൂർ കലാപത്തിന്റെ ഇരയായി പഠനം തുടരുവാൻ കഴിയാത്ത Sri.Goulungmon Haokip എന്ന വിദ്യാർത്ഥിക്ക് തുടർ പഠനത്തിനായി മഞ്ചേശ്വരം പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനം അനുവദിച്ച് ഉത്തരവാകുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.29/2024/SCSTD  തീയതി,തിരുവനന്തപുരം, 29-01-2024

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 05.01.2024-ലെ SCDD/6681/2022-C3(EDN C) നമ്പർ കത്ത്.

**ഉത്തരവ്**

മണിപ്പൂർ കലാപത്തിന്റെ ഇരയായി പഠനം തുടരാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിന് കണ്ണൂർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാന പ്രകാരം യൂണിവേഴ്സിറ്റിയുടെ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും അഡ്മിഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മഞ്ചേശ്വരം കാമ്പസ്സിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ അഡ്മിഷൻ നേടിയ 3rd Semester 3rd year LLB വിദ്യാർത്ഥിയായ Sri.Goulungmon Haokip (Christian ST വിഭാഗം) എന്ന മണിപ്പൂർ സ്വദേശിക്ക് ടിയാന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച്, വ്യവസ്ഥകളിൽ ഇളവ് നൽകി, വകുപ്പിന്റെ മഞ്ചേശ്വരം പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മണിപ്പൂർ കലാപത്തിന്റെ ഇരയായി മണിപ്പൂരിൽ പഠനം തുടരുവാൻ സാധിക്കാത്തതിനാൽ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മഞ്ചേശ്വരം കാമ്പസ്സിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ 3rd Semester 3rd year LLB അഡ്മിഷൻ ലഭിച്ച Sri.Goulungmon Haokip എന്ന മണിപ്പൂർ സ്വദേശിക്ക്, ഹോസ്റ്റൽ പ്രവേശനത്തിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവു നൽകി പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള മഞ്ചേശ്വരം പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ജില്ലാ പട്ടികജാതി ഓഫീസർ, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.